**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 524** **28-06-2022 - ൽ മറുപടിയ്ക്ക്**

**ചരക്കുസേവന നികുതി വകുപ്പിന്റെ കാര്യക്ഷമത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ കാര്യക്ഷമത ഉയർത്തുന്നതിനും, നികുതി വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി സംവർധനത്തിനും അതിന്റെ നിർവഹണത്തിനും ഉതകുന്നതരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാനമാർഗ്ഗം ശക്തിപ്പെടുത്തു ന്നതിനായി വകുപ്പിന്റെ കാര്യക്ഷമത മെച്ചപ്പെട്ട ത്താനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>• ജീവനക്കാർക്കുള്ള പരിശീലനങ്ങൾ<br><br>മാറിയ നികുതി സമ്പ്രദായത്തിൽ വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കുന്നത് കാര്യക്ഷമമായ നികുതി പിരിവിനു അത്യന്താപേക്ഷിതമാണെന്ന് കണ്ടതിനാൽ വകുപ്പിലെ ക്ലറിക്കൽ തലം മുതൽ ജോയിന്റ് കമ്മീഷണർ തലം വരെയുള്ള എല്ലാ ജീവനക്കാർക്കും ചരക്കു സേവന നികുതി നിയമത്തിലും അതിന്റെ ചട്ടങ്ങളിലും അവഗാഹം നൽകുന്നതിനായി മൂന്നു മാസക്കാലം നീണ്ടു നിന്ന ഓൺലൈൻ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ജി.എസ്.ടി. നിയമത്തിലും ചട്ടങ്ങളിലും ജീവനക്കാർക്ക് കൂടുതൽ അവഗാഹം ഉണ്ടാക്കുന്നതിനും തദ്വാരാ ജീവനക്കാരുടെ കാര്യക്ഷമതയിൽ ഗണ്യമായ വർദ്ധനയുണ്ടാക്കുന്നതിലും സാധിച്ചിട്ടുണ്ട്. കൂടാതെ ചരക്കു സേവന നികുതി വകുപ്പ് ഉദ്യോഗസ്ഥർക്ക് തങ്ങളുടെ കർത്തവ്യം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിർവ്വഹിക്കുന്നതിന് സഹായമാകുന്നതരത്തിൽ ബന്ധപ്പെട്ട വിഷയങ്ങളിൽ വകുപ്പിന് വെളിയിൽ നിന്നുമുള്ള വിദഗ്ദരെകൊണ്ടും വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. മെച്ചപ്പെട്ട നികുതി സമാഹരണത്തിനും വകുപ്പിന്റെ കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിനും സംസ്ഥാന കേന്ദ്ര സഹകരണം |

പുതിയ നികുതി സമ്പ്രദായത്തിൽ അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും നികുതി നിർവ്വഹണ ഉദ്യോഗസ്ഥർ തമ്മിലുള്ള അറിവുകളുടെയും വിവരങ്ങളുടെയും കൈമാറ്റം മെച്ചപ്പെട്ട നികുതി ഭരണത്തിന് ആക്കം കൂട്ടുമെന്നുള്ളതിനാൽ, സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിലെയും കേന്ദ്ര ചരക്ക സേവന നികുതി വകുപ്പിലെയും ഉദ്യോഗസ്ഥരുടെ സംയോജിത കൂടിക്കാഴ്ചകളും ചർച്ചകളും സംഘടിപ്പിക്കുകയും ഇരു വിഭാഗങ്ങൾക്കും അനുഗുണമായ തരത്തിൽ കൂടുതൽ സഹവർത്തിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനമാകുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വാണിജ്യനികുതി വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

- **ഈ ഓഫീസ് സംസ്ഥാന തലത്തിൽ**

സംസ്ഥാന ജി.എസ്.ടി വകുപ്പിലെ എല്ലാ ഓഫീസുകളിലും ഇ ഓഫീസ് സംവിധാനം നിലവിൽ വന്നു. ഇതുവഴി ഓഫീസിനുള്ളിലെ ഫയൽ നീക്കവും ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകളും ഇ-ഓഫീസ് സംവിധാനത്തി ലേയ്ക്ക് മാറാൻ സാധിച്ചു. ഇത് സമയ ലാഭവും സുതാര്യതയും കൂട്ടുന്നതിനും പേപ്പർ ഉപയോഗവും തപാൽ ചെലവുകളും കുറയ്ക്കുന്നതിനും കാരണമായി. ഇത് വഴി ഡിപ്പാർട്ട്മെന്റിന് പൂർണ്ണമായും 'ഡിജിറ്റൽ ഡിപ്പാർട്ട്മെന്റ്' ആയി മാറാൻ സാധിച്ചു.

- **ജി.എസ്.ടി മോഡൽ 2 ബാക് ഓഫീസ് മൈഗ്രേഷൻ**

സംസ്ഥാന ജി.എസ്.ടി.വകുപ്പ്, GSTN വികസിപ്പിച്ച പുതിയ ജി.എസ്.ടി ബാക് ഓഫീസ് സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കി. ഇതുവഴി ജി.എസ്.ടി.നിയമത്തിൽ വരുന്ന മാറ്റത്തിനനുസരിച്ച് തൽസമയം സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്യുന്നതിനും സാധിക്കും. കൂടാതെ ഡാറ്റ കൃത്യത ഉറപ്പാക്കുന്നതിനും ഇത് സഹായിക്കും. മറ്റ സംസ്ഥാനങ്ങളിലെ ബെസ്റ്റ് പ്രാക്ടീസസ് കൂടി ഇതുവഴി ലഭ്യമാകും. കൂടാതെ ഈ സംവിധാനം വഴി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുവാൻ കഴിഞ്ഞു.

- **അനലിറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ട്. (AIR)**

വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡേറ്റാ അനലിറ്റിക്സിലൂടെ ക്രോഡീകരിച്ച് നിർണായകമായ കണ്ടെത്തലുകൾ ഡേറ്റാ അനലിറ്റിക്സ് ടീം അനലിറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ട് മുഖേന തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവർത്തനം അധിക നികുതി സമാഹരണത്തിന് വളരെ ഏറെ ഫലപ്രദമായി ഉപയോഗപ്പെടുത്തി വരുന്നു.

- **ടാക്സ് പേയർ റേറ്റിംഗ് കാർഡ്**

ടാക്സ് പേയർമാരുടെ റിട്ടേൺ ഫയൽ ചെയ്യുന്നതിലെ കൃത്യത, കാലിക റിട്ടേണുകൾ, വാർഷിക റിട്ടേൺ എന്നിവ യഥാസമയം ഫയൽ ചെയ്യുക എന്നിവയെ അടിസ്ഥാനപ്പെടുത്തി ഓരോ ടാക്സ് പേയറുടെയും റേറ്റിങ് ടാക്സ് പേയർകാർഡ് മുഖേന രേഖപ്പെടുത്തിയിട്ടുണ്ട്. വിവരങ്ങളുടെ ഡാറ്റാ അനലിസ്റ്റിക്ക്സിൽ ഊന്നിയ സമഗ്രമായ അപഗ്രഥനത്തിലൂടെയാണ് ഈ പ്രക്രിയ നടപ്പിലാക്കിയത്. ഈ സംവിധാനത്തിലൂടെ ഓരോ ടാക്സ് പേയറുടെയും റേറ്റിംഗ് വെബ്സൈറ്റ് മുഖേന പരസ്യപ്പെടുത്തുന്നതിനാൽ ഓരോ വ്യാപാരിയും അവരുടെ നികുതി സംബന്ധമായ രേഖകൾ കൃത്യമായും സമയബന്ധിതമായും സമർപ്പിക്കുന്നതിന് പ്രേരകമാവുകയും നികുതി വർദ്ധനവിന് ആക്കം കൂട്ടുകയും ചെയ്യുന്നു.

- **വെർച്വൽ IT കേഡർ**

ഈ ഗവേർണൻസിന്റെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ വെർച്വൽ IT കേഡർ സംവിധാനം നടപ്പിലാക്കി. വിവര സാങ്കേതിക വിദ്യയിലൂന്നിയ പ്രവർത്തനങ്ങൾ സുഗമമായി പുരോഗമിക്കുന്നതിന് ഇത് ഏറെ സഹായകരമാണ്. വകുപ്പിലെ തന്നെ IT വിദഗ്ദരായ ജീവനക്കാരെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനു സ്വീകരിച്ച നടപടികൾ.**

- **പ്രാദേശിക IT പഠനകേന്ദ്രങ്ങൾ**

പരിശീലനങ്ങൾ വിപുലമാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ഒരു പ്രദേശീക IT പഠനകേന്ദ്രം പ്രവർത്തനം ആരംഭിച്ചു. പ്രാദേശിക അടിസ്ഥാനത്തിൽ പഠനം സംയോജിപ്പിക്കുന്നതിന് ഇതിലൂടെ സാധിക്കുന്നു.

| | | | |
|---|---|---|---|
| | | | • **GPS അധിഷ്ഠിത വീഡിയോ നിരീക്ഷണ സംവിധാനം**<br><br>ചരക്കു സേവന നികുതി വകുപ്പിന്റെ പരിശോധന വാഹനങ്ങളിൽ ജി.പി.എസ് സംവിധാനവും വീഡിയോ നിരീക്ഷണവും ഏർപ്പെടുത്തി. ഇതിലൂടെ സ്ക്വാഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാനും നിരീക്ഷിച്ച് വേണ്ട മാർഗ നിർദ്ദേശം നൽകുന്നതിനും സാധിക്കുന്നു. ഇതിലൂടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും സാധിച്ചു.<br><br>• **ഓഫീസ് സമുച്ചയങ്ങൾ**<br><br>നികുതി വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ സ്ഥലം ഏറ്റെടുപ്പ് പൂർത്തിയാക്കി ഓഫീസ് സമുച്ചയങ്ങൾ പണിയുന്നതിനുള്ള നടപടികൾ കൈകൊണ്ടു വരുന്നു. കൂടാതെ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ അടിയന്തര അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളും അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ